അതോറിറ്റി നിർദ്ദേശം കൊടുത്തിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ അങ്കമാലിയിലെ പരിസര പഞ്ചായത്തുകളിലും അങ്കമാലി ടൗണിലും ശുദ്ധജലവിതരണം പൂർണ്ണമായും നടത്താനും ആശ്വാസം കണ്ടെത്താനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. എം.വി. മാണി: അങ്കമാലി മുനിസിപ്പാലിറ്റിയിൽ ഇന്നത്തെ രീതിയിലാണെങ്കിൽ ഒരുതുള്ളിവെള്ളം പോലും കൊടുക്കാൻ സാധിക്കാത്ത സ്ഥിതി ഉണ്ട്. ഡിസ്ട്രിബ്യൂഷൻ ഒന്നുമായിട്ടില്ല. ശുദ്ധജലം കൊടുക്കാനുള്ള ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിലെ പൈപ്പ് ഒട്ടും തന്നെ ഇട്ടിട്ടില്ല. അടിയന്തിരമായി അതിന് നടപടികൾ നടത്തിയില്ലെങ്കിൽ ഈ വേനൽക്കാലത്തും വെള്ളം കൊടുക്കാൻ സാധിക്കുകയില്ല.

ശ്രീ. എം.പി. ഗംഗാധരൻ: ഡിസ്ട്രിബ്യൂഷൻ പ്രവൃത്തി മൂന്നു നാല് മാസംകൊണ്ട് പൂർത്തീകരിക്കാനും ഈ വേനൽക്കാലത്തുതന്നെ വെള്ളം കൊടുക്കുവാനും സാധിക്കുമെന്നാണ് പ്രതീക്ഷ.

III. സബ്മിഷൻ

(1) പാലക്കാടു ജില്ലയിലെ മുഞ്ഞബാധയെക്കുറിച്ച്

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പാലക്കാട് ജില്ലയിലെ നെൽകൃഷി മുഴുവൻ നശിച്ചുകൊണ്ടിരിക്കുകയാണ്. മുഞ്ഞരോഗം അവിടെ വ്യാപകമായി പടർന്നുപിടിക്കുകയാണ്. ദിവസംതോറും നൂറുകണക്കിന് ഏക്കർ സ്ഥലത്ത് ഈ രോഗം പടർന്നുപിടിച്ച് നെൽകൃഷി നശിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിയാണുള്ളത്. അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നാണെങ്കിൽ യാതൊരു സഹായവും ചെയ്യുന്നില്ല. അഞ്ചേക്കറുള്ള, എന്റെ അടുത്തുള്ള, കൃഷിക്കാരൻ അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെന്റിന്റെ നിർദ്ദേശപ്രകാരം 4,000 രൂപക്ക് മരുന്നുവാങ്ങിച്ചു തളിച്ചു. ആ മരുന്നുംപോയി കൃഷിയും നശിച്ചുപോയ അനുഭവമാണുണ്ടായത്. ഈ രോഗം വ്യാപകമായി പടർന്നുപിടിക്കുകയാണ്. സാധാരണ ചെറുകിട കർഷകർക്ക് മരുന്നു വാങ്ങിച്ച് അടിക്കാൻ പറ്റാത്ത ഒരു സ്ഥിതിയാണുള്ളത്. അതുകൊണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അടിയന്തിര നടപടിയെടുത്ത് ഇനിയെങ്കിലും രോഗം പടർന്നുപിടിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: മിനിസ്റ്റർ പിന്നീട് മറുപടി പറയും.

(2) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ യാത്രാക്ലേശം

ശ്രീ. വി.വി. ജോസഫ്: സർ, 47 ബസ്സുകൾ സർവ്വീസ് നടത്തുന്ന മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഇന്നലെ 18 ബസ്സുകളാണ് ഓടിയത്. ടയർ ഇല്ലാത്തതുകൊണ്ടും സ്പെയർ പാർട്സ് ഇല്ലാത്തതുകൊണ്ടും മറ്റുള്ള ബസ്സുകളെല്ലാം ഷെഡ്ഡിൽ കയറിയിരിക്കുകയാണ്. ദീർഘദൂര ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളൊന്നും ഓടുന്നില്ല. ദേശസാൽകൃത റൂട്ടുകളിൽ ബസ്സില്ലാത്തതുകൊണ്ട് ആളുകൾ കാത്തുനിന്ന് വലയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇതു പരിശോധിച്ചു വരുമ്പോഴും ചിലപ്പോഴും ഒരു ചടങ്ങായിട്ട് മാറുന്നതിന്റെ ഫലമായിട്ട് പലപ്പോഴും അർഹതയുള്ള ആളുകൾക്ക് ഈ കാര്യം അറിയാൻപോലും സാധിക്കുന്നില്ല. ഇപ്പോൾ ചെയ്യുന്നത്, ഗസറ്റിൽ നോട്ടിഫൈ ചെയ്യുക അല്ലെങ്കിൽ പത്രങ്ങളിൽ നോട്ടിഫൈ ചെയ്യുക എന്നുള്ളതാണ്. നമ്മുടെ സംസ്ഥാനത്ത് എത്ര ആളുകൾ ഗസറ്റു വായിക്കുന്നവരുണ്ടാകും? ഉദ്യോഗാർത്ഥികൾക്കുപോലും എല്ലാ ഗസറ്റും അന്വേഷിച്ചു പോകാൻ സാധിച്ചു എന്നു വരികയില്ല. അതു കൊണ്ട്, അതിന് എന്തു ചെയ്യാൻ സാധിക്കുമെന്നു നോക്കേണ്ടതാണ്. നിക്കിവച്ചിട്ടുള്ള സംവരണം അനുസരിച്ചുള്ള തസ്തികകൾ ഉറപ്പുവരുത്തേണ്ടത് ആവശ്യമാണെന്നുള്ള കാര്യത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. അതിനാവശ്യമായ സംവിധാനം ഉണ്ടാക്കുന്ന കാര്യം തീർച്ചയായും പരിശോധിക്കാൻ ഗവൺമെൻറ് തയ്യാറാണ്. ഇവിടെ സൂചിപ്പിച്ചപോലെ ടെസ്റ്റ് എഴുതുമ്പോഴാണെങ്കിലും ശരി ടെസ്റ്റ് കഴിഞ്ഞ് ഇൻറർവ്യൂവിന് വരുമ്പോഴാണെങ്കിലും ശരി സത്യ സന്ധമായാണ് മാർക്ക് ഇടുന്നത്. അല്ല എന്നു ഞാൻ പറയുകയില്ല. മാർക്ക് ഇട്ടുവരുമ്പോൾ അർഹതപ്പെട്ട ആൾ പുറത്തളളപ്പെടുന്നുവെന്നുള്ളതാണ് അനുഭവം. പിന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പരാതിയുണ്ട്. പക്ഷേ അനുഭവത്തിൽ മറിച്ചാണ് സംഭവിക്കുന്നത്. അതുകൊണ്ട് ഈ റിസർവേഷൻ അനുസരിച്ചുള്ള തസ്തിക കിട്ടാൻ നിലവിലുള്ള സംവിധാനത്തിൽ എന്തെല്ലാം മാറ്റം വേണമോ അതിനുള്ള കാര്യങ്ങൾ പരിശോധിച്ച് പരിഹാരമുണ്ടാക്കണമെന്നു തന്നെയാണ് ഗവൺമെൻറിന്റെ അഭിപ്രായം.

(പാലക്കാടു ജില്ലയിലെ മുഞ്ഞബാധയെക്കുറിച്ച്

ശ്രീ. കെ. കൃഷ്ണൻകുട്ടി അവതരിപ്പിച്ച സബ്മിഷനു മറുപടി.)

കൃഷിവകുപ്പു മന്ത്രി (ശ്രീ. എ.എൽ. ജേക്കബ്): പാലക്കാട് ജില്ലയിലെ ആലത്തൂർ കൃഷി സബ്ഡിവിഷനിൽപ്പെട്ട വടക്കാഞ്ചേരി, എരുമയൂർ, കണ്ണമ്പ്ര, കൊടുവായൂർ, കുഴൽമന്ദം എന്നീ കൃഷിവികസന ഓഫീസുകളുടെ പരിധിയിൽപ്പെട്ട ഏകദേശം ആയിരം ഹെക്ടർ പാടങ്ങളിലും ചിറ്റൂർ കൃഷിവികസന ഡിവിഷനിൽപ്പെട്ട പുതുശ്ശേരി, തത്തമംഗലം, പുൽപ്പുള്ളി, പാലക്കാട് എന്നീ കൃഷിവികസന ഓഫീസുകളുടെ പരിധിയിൽപ്പെട്ട ഏകദേശം 200 ഹെക്ടർ പാടങ്ങളിലുമാണ് കഴിഞ്ഞ ആഗസ്റ്റ് അവസാനത്തോടുകൂടി മുഞ്ഞ ബാധിച്ചത്. അപ്പോൾ തന്നെ കർഷകർക്ക് അടിയന്തിരമായി കൈക്കൊള്ളേണ്ട സസ്യ സംരക്ഷണ മാർഗ്ഗങ്ങളെപ്പറ്റി നേരിട്ടും, പത്രം, റേഡിയോ മുഖേനയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കൂടാതെ മുഞ്ഞ ബാധയ്ക്ക് വിധേയമായ എല്ലാ പാടശേഖരങ്ങളിൽനിന്നും ഈ ആവശ്യത്തിനു വന്ന കർഷകരുടെ ചർച്ചായോഗങ്ങൾ വിളിച്ചുകൂട്ടുകയും ചെയ്തു. ആവശ്യമായ കീടനാശിനികളും മരുന്നുകളും തളിക്കുന്നതിനുള്ള ഉപകരണങ്ങളും പ്രസ്തുത സ്ഥലങ്ങളിൽ ലഭ്യമാക്കുകയും ചെയ്തു. കർഷകർ മരുന്നുതളി നടത്തിക്കൊണ്ടിരിക്കുകയാണ്. കീടബാധയുണ്ടായ ഉടനെ നടപടികൾ കൈക്കൊള്ളാൻ കഴിഞ്ഞതിനാൽ ഉദ്ദേശം അഞ്ചുശതമാനം മുതൽ പത്തുശതമാനംവരെ മാത്രമേ വിളയിൽ നഷ്ടം വരൂ എന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly